ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളം ശേഖരിച്ചുള്ള പദ്ധതി നടപ്പിലാക്കുവാൻ പ്രാരംഭ നടപടികൾ വൈപ്പിനിലും മലപ്പുറം ജില്ലയിലും സ്വീകരിച്ചു വരുന്നു. സെക്ടർ റിഫോംസ് പ്രോജക്ട് അനുസരിച്ച് കാസർഗോഡ് ജില്ലയിലും, കൊല്ലം ജില്ലയിലും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ മഴവെള്ളം സംഭരിച്ചുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്.

(സി) ഇല്ല.

ജപ്പാന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വാട്ടർ സപ്ലൈ പ്രോജക്ട്

38 (188) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫും, കേന്ദ്ര ഗവൺമെന്റുമായി കരാറിലേർപ്പെട്ടതും ജപ്പാന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതുമായ വാട്ടർ സപ്ലൈ പ്രോജക്ടിന്റെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഒ. ഇ. സി. എഫുമായുള്ള കരാർ അനുസരിച്ച് പദ്ധതി നടത്തിപ്പിനായി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) 25-2-1997-ൽ ഒ.ഇ.സി.എഫും (ഇപ്പോൾ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) കേന്ദ്ര ഗവൺമെന്റുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 5 പദ്ധതികളാണ് കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശങ്ങളും
2. മീനാടും സമീപ ഗ്രാമങ്ങളും
3. ചേർത്തലയും സമീപ ഗ്രാമങ്ങളും
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും
5. പട്ടുവവും സമീപ ഗ്രാമങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഇവയുടെ മൊത്തം മതിപ്പ് ചെലവ് 1787.45 കോടി രൂപയാണ്. കരാർ അനുസരിച്ച് 382.07 കോടി രൂപ. കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടമായി ലഭിക്കും. പദ്ധതിയുടെ നടത്തിപ്പിന് കരാറനുസരിച്ച് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. ഇതിനായി ലഭിച്ച ഓഫറുകളുടെ ടെക്നിക്കൽ ബിഡുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി ഒ.ഇ.സി.എഫ്.ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഫിനാൻഷ്യൽ ബിഡുകളുടെ മൂല്യനിർണ്ണയം നടന്നു വരുന്നു. പദ്ധതി 2003 ഡിസംബറിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അഞ്ച് പദ്ധതികൾക്കും വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

പൈപ്പ് വഴിയുള്ള ശുദ്ധജല വിതരണം

39 (189) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൈപ്പ് വഴി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ എത്ര ശതമാനം പൈപ്പ് പൊട്ടലും ചോർച്ചയും മൂലം നഷ്ടപ്പെടുന്നതായി കണക്കാക്കപ്പെടുന്നു ;

(ബി) ഈ നഷ്ടം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ;

(സി) മലിനജലവും പൈപ്പുകളിലെ ശുദ്ധജലവും കൂടിക്കലർന്ന് കുടിവെള്ളം മലിനമാകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് പൈപ്പ് പൊട്ടലും ചോർച്ചയും മുഖേന ഉദ്ദേശം 5 ശതമാനം മുതൽ 25 ശതമാനം വരെ ശുദ്ധജലം നഷ്ടപ്പെടുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിനെപ്പറ്റി വിശദമായ പഠനം നടത്തിയിട്ടില്ല.

(ബി) ഈ നഷ്ടം ഒഴിവാക്കുവാൻ ആവശ്യമായ റിപ്പയർ ജോലികൾ യഥാസമയം ചെയ്തു വരുന്നു. ഇതിനായി ഓരോ പദ്ധതി അടിസ്ഥാനത്തിലും വാർഷിക അറ്റകുറ്റപ്പണികൾക്കായുള്ള കോൺട്രാക്ട് എല്ലാ ഡിവിഷനുകളിലും ഏർപ്പാടാക്കിയിട്ടുണ്ട്. ചോർച്ചയും പൊട്ടലും കണ്ടുപിടിച്ച് അടിയന്തിര റിപ്പയർ ജോലികൾ ചെയ്യുന്നതിനായി 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു എമർജൻസി വിഭാഗം തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിൽ ഒരു "ലീക്കു ഡിറ്റക്ഷൻ യൂണിറ്റ്"സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(സി) ഇത് തടയുന്നതിനായി ആവശ്യമുള്ള മുൻകരുതലുകൾ ചെയ്തു വരുന്നു. മലിനജലം ഒഴുകുന്ന ഭാഗങ്ങൾ ഒഴിവാക്കി ശുദ്ധജലപൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകമായ നിർദ്ദേശം നിലവിലുണ്ട്. പൈപ്പ് ലൈനും

LIBRARY ARCHIVES Kerala Legislative Assembly